5. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക.

6. അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റ് സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക.

7. ഗ്രാമീണ വായനശാലകളുടെ നിയന്ത്രണവും മേൽനോട്ടവും.

8. ഗ്രന്ഥശാലകൾ സ്ഥാപിക്കുകയും ആ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

9. നിലത്തെഴുത്താശാൻമാർക്ക് ഗ്രാന്റുകൾ നൽകുക.

10. സ്കൂളുകളിൽ കായിക-സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

11. ഗ്രാമീണ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക 5 പ്രകാരം അതതു സ്ഥലത്തെ സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിനും നഗരപരിധിയിലാണെങ്കിൽ അതതു സ്ഥലത്തെ നഗരസഭകളുടെ നിയന്ത്രണത്തിലുമാണ്. പേരുമാറ്റുന്നതിന് ഇതുപ്രകാരം പ്രത്യേക ഉത്തരവുകളുടെ ആവശ്യമില്ല. ആക്ടിൽ ഇതിന് വ്യവസ്ഥയുണ്ട്.

അവിശ്വാസ പ്രമേയം വഴി അധികാരത്തിൽ നിന്ന് ഒഴിയേണ്ടിവന്ന ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ

64 (2187) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര പ്രസിഡന്റ്/ചെയർമാൻ/ചെയർപേഴ്സൺ എന്നിവരെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) അവിശ്വാസപ്രമേയം വഴി അധികാരത്തിൽ നിന്ന് ഒഴിയേണ്ടിവന്ന ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) കൂറുമാറ്റ നിരോധനനിയമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ബാധകമാണോ, എങ്കിൽ എത്ര അംഗങ്ങളുടെ പേരിൽ കൂറുമാറ്റ നിരോധന നിയമം ബാധകമാക്കി അയോഗ്യരാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആലപ്പുഴ നഗരസഭ, പറവൂർ നഗരസഭ, പത്തനംതിട്ട നഗരസഭകളിലെ ചെയർമാൻ, ചെയർപേഴ്സൺ എന്നിവരെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കിയിട്ടുണ്ടോ ; പുതിയതായി ഇവിടെ ആരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ?

ഉത്തരം

(എ) 15 പ്രസിഡന്റുമാരേയും 4 ചെയർമാൻ/ചെയർ പേഴ്സൺമാരെയും പുറത്താക്കിയിട്ടുണ്ട്.

(ബി) നാവായിക്കുളം, പേരയം, ആദിച്ചനല്ലൂർ, ഇടമുളയ്ക്കൽ, വീയപുരം, വെള്ളാവൂർ, പാറത്തോട്, മാങ്കുളം, മുണ്ടത്തിക്കോട്, എരുമപ്പെട്ടി, അതിരപ്പള്ളി, പറളി, കണ്ണമംഗലം. (13 എണ്ണം)

ബ്ലോക്ക് പഞ്ചായത്തുകൾ

ഇല്ല

മുനിസിപ്പൽ കൗൺസിലുകൾ

പത്തനംതിട്ട

ആലപ്പുഴ

മൂവാറ്റുപുഴ

നോർത്ത് പറവൂർ

(സി) ബാധകമാണ്. മൂന്നുപേരെ.

(ഡി) പുറത്താക്കിയിട്ടുണ്ട്.

ആലപ്പുഴ നഗരസഭ

ചെയർപേഴ്സൺ തെരഞ്ഞെടുപ്പ് 17-7-2003-ൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

നോർത്ത് പറവൂർ

ശ്രീമതി എ. കെ. ചന്ദ്രമതി അമ്മ, ചന്ദ്രവില്ല, പെരുവാരം പി.ഒ., വടക്കൻ പറവൂറിനെ, തെരഞ്ഞെടുത്തിട്ടുണ്ട്.

പത്തനം തിട്ട

പുതിയ ചെയർപേഴ്സൺ തെരഞ്ഞെടുപ്പ് 15-7-2003-ൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly